# ഹൂദോസ് ഈത്തോ (സഭാ പ്രതിഷ്ഠ പെരുന്നാൾ)

## സന്ധ്യ

**സ്ലൂസോ.**

**പട്ടക്കാരൻ:-പിതാവിനും പുത്രനും വി.റൂഹായ്ക്കും സ്തുതി.**

**പ്രതിവാക്യം:- ബലഹീനന്മാരും പാപികളും......**

**ദൈവമാകുന്ന കർത്താവേ! നീ സമ്പാദിച്ച തിരുസഭയെ ഓർക്കേണമെ. അതിനെ സത്യവിശ്വാസോപദേശത്തിൽ സ്ഥാപിക്കേണമെ. നിന്റെ ദാനസമൃദ്ധികൊണ്ടും മഹത്വം കൊണ്ടും സൽപ്രവൃത്തികളുടെ ഉപദേശങ്ങൾകൊണ്ടും അതിനെ നിറയ്ക്കേണമെ. നിനക്ക് പ്രീതികരമായ ഐക്യമത്യത്തിൽ അതിലെ ഇടയന്മാരെയും ആടുകളെയും കാത്തു കൊള്ളേണമെ. നീയും നിന്റെ വന്ദ്യപിതാവും വിശുദ്ധ റൂഹായും എന്നും കാരുണ്യവാനും സർവ്വശക്തനുമാകുന്നു. ഹോശോ..**

**പ്രുമിയോൻ.**

**പട്ടക്കാരൻ:- നാമെല്ലാവരും പ്രാർത്ഥിച്ചു...........**

**പ്രതിവാക്യം:-അനുഗ്രഹിക്കുന്നവനായ കർത്താവെ........**

**പട്ടക്കാരൻ:-സ്തുതിയും സ്തോത്രവും.......**

**കറപിടിച്ചിരുന്ന വിജാതീയ സഭയെ തന്റെ സ്നേഹംമൂലം തനിക്കായി വിവാഹം നിശ്ചയിക്കുകയും തന്റെ സോപ്പായാൽ അതിനെ നിർമ്മലീകരിച്ചു വെടിപ്പാക്കി തന്റെ സത്യമണവാട്ടിയാക്കിത്തീർക്കുകയും, അതിന്റെ വിരുന്നിലേക്ക് പ്രവാചകന്മാരേയും ശ്ലീഹന്മാരേയും ക്ഷണിച്ചുവരുത്തി മഹത്തരമായ ഒരു വിരുന്നു കഴിക്കുകയും ചെയ്ത സ്വർഗ്ഗീയ മണവാളനു സ്തുതിയും, സ്തോത്രവും, വന്ദനവും, കൃതജ്ഞതയും, പുകഴ്ച്ചയും സമർപ്പിപ്പാൻ ഞങ്ങൾ യോഗ്യരായിത്തീരേണമെ. തനിക്കു ഈ നേരത്തും എല്ലാ പെരുനാളുകളിലും... ബ് കുല്ഹുൻ യവുമ്മോ..............**

**സെദറാ.**

സുഗ്രാഹ്യനല്ലാത്ത അനാദ്യന്ത സ്വയംഭൂവും, പരിശോധിക്കപ്പെടത്തക്കവനല്ലാത്ത ഭയങ്കരനും മഹത്വവാനും, നിർണ്ണയിക്കപ്പെട്ടു കൂടാത്ത അദൃശ്യനും അത്യുന്നതനും അവർണ്ണനീയനുമായ ദൈവത്തിന്റെ ഏകപുത്രാ! നിനക്കു സ്തുതി; നിനക്കു സ്തോത്രം. സകല സൃഷ്ടിയും നിനക്കു വന്ദനം സമർപ്പിക്കുന്നു, കാരുണ്യവാനായ കർത്താവെ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. വിഗ്രഹാരാധനയിൽ നിന്നും നാശകരമായ, വിശ്വാസ വിപരീതങ്ങളിൽനിന്നും, നിന്റെ വിശ്വസ്ഥ ജനത്തിനു വിരുദ്ധവും ഇടർച്ചയും വരുത്തുന്ന എല്ലാ സംഗതികളിൽ നിന്നും, വിലയേറിയ നിന്റെ വിശുദ്ധ രക്തത്താൽ സ്വാതന്ത്ര്യപ്പെടുത്തീട്ടുള്ള കാതോലികവും ശ്ലൈഹികവുമായ നിന്റെ വിശുദ്ധ സഭയെ നീ സന്ദർശിക്കേ ണമെ. ഉഗ്രതിരമാലകളിൽ നിന്നും വിഷമതരമായ കൊടുങ്കാറ്റുകളിൽനിന്നും അതിനു അടക്കവും ശാന്തതയും വിശ്രമവും കൊടുക്കേണമെ. ജാതികളുടെ അബദ്ധോപദേശങ്ങളിൽ നിന്നും അതിനെ കാത്തുകൊള്ളേണമെ. ഈ സഭയെ പൂർവ്വപിതാക്കന്മാരും പ്രധാന പിതാക്കന്മാരും അവരവരുടെ ജീവിതഘട്ടങ്ങളിൽ ദൃഷ്ടാന്തീകരിച്ചു കാണിച്ചിരുന്നു. നീതിമാനായ നോഹ തനിക്കും തന്നോടു കുടെയുള്ളവർക്കും രക്ഷയ്ക്കു വേണ്ടി മരം കൊണ്ടു പെട്ടകത്തെയുണ്ടാക്കി അതിനെ ദൃഷ്ടാന്തീകരിച്ചു. കുടുംബങ്ങളുടെയും ഗോത്രങ്ങളുടെയും പിതാവായ അബ്രഹാം പർവ്വതത്തിന്റെ മുകളിൽ ബലപീഠം പണിത്, അതിൽ നിന്റെ ഒരു മുൻകുറിയെന്നവണ്ണം തന്റെ മകനായ ഇസഹാക്കിനെ സമർപ്പിച്ചു കൊണ്ട് അതിനെ രൂപീകരിച്ചു. പിതാക്കന്മാരുടെ തലവനായ യാക്കോബ് നാട്ടി അഭിഷേകം പെയ്ത കല്ലുമൂലം അതിനെ മുൻകാണിച്ച്, ഇതു വിശുദ്ധ സ്ഥലവും സ്വർഗ്ഗത്തിലേക്കുള്ള വാതിലും എന്നു വിളിച്ചുപറഞ്ഞു. എബ്രായക്കാരിൽ മഹാനായ മോശ സഭയിൻ കൂടാരംമൂലം അതിനെ ലക്ഷീകരിച്ചു. അതു ശലോമോൻ പണിയിച്ച ആലയത്തെക്കാൾ അതിമഹത്തരവും പ്രാഗത്ഭ്യമുള്ളതുമാകുന്നു. രാജകുമാരി അകമെ മുഴുവനും ഭംഗിയുള്ളവളാകുന്നു. അവളുടെ വസ്ത്രം തങ്കത്താൽ അലംകൃതമത്രെ എന്നു ദിവ്യനായ ദാവീദ് ഘോഷിച്ചിരിക്കുന്നു. എശായാപ്രവാചകൻ അതിനോടു ഇങ്ങിനെ വിളിച്ചു പറഞ്ഞു. നിന്റെ ഉയരമുള്ള പ്രബല വാതിലുകൾ തുറക്കപ്പെട്ടിരിക്കുന്നു. അടയ്ക്കപ്പെടുകയുമില്ല. എന്തുകൊണ്ടെന്നാൽ നിന്റെ വിലയേറിയ രക്തത്താൽ അതു വിലയ്ക്കുവാങ്ങപ്പെട്ടിരിക്കുന്നു. നിന്റെ മാമോദീസായാൽ അതു നിർമ്മലീകരിക്കപ്പെട്ടിരിക്കുന്നു. നിന്റെ ജീവനുള്ള സ്ലീബായാൽ അതു രക്ഷിക്കപ്പെട്ടിരിക്കുന്നു. നിന്റെ ഉള്ളം കയ്യിൽ അതു വയ്ക്കപ്പെട്ടിരിക്കുന്നു. പാതാളവാതിലുകൾ അതിനോടു ബലം ചെയ്യുകയുമില്ല. ഇവയും ഇവപോലുള്ളവയും മൂലം സഭ, അകമെ മഹത്വമുള്ളതാകുന്നു എന്നു സ്വർഗ്ഗീയ മണവാളനോടു വിളിച്ചുപറഞ്ഞു പാടുന്നു. പരിശുദ്ധ സഭയുടെ കോമളമായ അഴകിനെ ആർ മോഹിക്കാതിരിക്കും. സ്വർഗ്ഗീയ മണവാളന്റെ മണവാട്ടിയെ! സന്തോഷിച്ചു ആനന്ദിക്കുക. ത്യാജ്യയായ നിന്റെ, മക്കൾ ഭർത്തൃ സമേതയായ സീയോന്റെ മക്കളെക്കാൾ ഏറ്റവും വർദ്ധിപ്പിച്ചിരിക്കുന്നു. നിന്റെ ഉപദേശങ്ങളായ കയറുകളെ വർദ്ധിപ്പിക്കുക. നിന്റെ വിശ്വാസക്കുറ്റികളെ ഉറപ്പിക്കുക. ദൈവമാകുന്ന മിശിഹാ നിന്നിൽ പ്രിയംവച്ചിരിക്കുന്നു. നിന്നിൽ നിന്റെ മക്കളെ വാഴ്ത്തി;

സമാധാനത്താൽ നിന്റെ അതിരുകളെ താൻ നിർണ്ണയിച്ചു. നിന്റെ പണിക്കുള്ള കല്ലുകളെ വിശുദ്ധാത്മാവിന്റെ മഹത്തരമായ മാണിക്യങ്ങളാക്കിയിരിക്കുന്നു. നിന്റെ അടിസ്ഥാനം ചെത്തിത്തീർക്കപ്പെട്ട ശാഖകളായ ശ്ലീഹന്മാരിൽ സ്ഥാപിച്ചിരിക്കുന്നു. നിന്റെ പ്രകാശം വന്നടുത്തിരിക്കകൊണ്ടു നീ സന്തോഷിക്ക. കർത്താവിന്റെ ബഹുമാനം നിന്നിൽ ശോഭിക്കും. ഇന്നു ഈ സഭയുടെ മണവാളന്റെ പെരുന്നാളാകുന്നു. അതു മഹത്തരമായ ആനന്ദമാകുന്നു. അതു മണവാട്ടിയുടെ കല്യാണമാകുന്നു. അതിന്റെ കീർത്തനങ്ങൾ ഇവയാകുന്നു ഞങ്ങളുടെ ഈ പെരുന്നാൾ സ്വർഗ്ഗീയമാകുന്നു. സ്വർഗ്ഗീയമായി ഞങ്ങൾ ഇതിനെ ആഘോഷിക്കുന്നു. ഞങ്ങളുടെ രക്ഷകനായ ദൈവത്തിൽ ഞങ്ങൾ സങ്കേതം പ്രാപിക്കുന്നു. ആക യാൽ ഈ സ്വർഗ്ഗീയ പെരുന്നാളിൽ, അഗ്നിമയന്മാരും ആത്മമയന്മാരുമായ കൂട്ടങ്ങളോടൊന്നിച്ചു ഞങ്ങൾ സദാ സന്തോഷിച്ച് ആനന്ദിക്കുമാറാകേണമെ. സ്നേഹംമൂലം ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഇറങ്ങിവന്നു മനുഷ്യനായി, വിഗ്രഹാരാധനയുടെ അബദ്ധത്തെ പരിഹരിച്ചു ഞങ്ങൾക്കു കടങ്ങളുടെ പരിഹാരവും പാപമോചനവും, വിശ്വാസികളായ മരിച്ചുപോയവർക്കു വിശ്രമവും നല്ല ഓർമ്മയും നൽകിയവനെ സന്തോഷത്തോടെ നാം മഹത്വപ്പെടുത്തണം. തനിക്കും തന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴുമെപ്പോഴും ഞങ്ങൾ കരേറ്റും.... ഹോശോ........

## എത്രൊ

ഒന്നുമില്ലായ്മയിൽനിന്നു ലോകങ്ങളെ സൃഷ്ടിച്ച ജ്ഞാനിയായ ശില്പിയും സകല സൃഷ്ടികൾക്കും ആരംഭം കൊടുത്ത അദൃശ്യസ്വയംഭൂവും ആയ കർത്താവെ! നിന്റെ ജ്ഞാനത്താൽ ആകാശത്തെ നീ വിരിച്ചു. നിന്റെ കല്പനയാൽ ഭൂമിയെ സ്ഥാപിച്ചു; ആകാശത്തിനും ഭൂമിക്കുമിടയിൽ ആകാശവിരിവിനെ നീ ഉളവാക്കി, നിന്റെ ദിവ്യനിയന്ത്രണ ത്താൽ ഭൂലോകത്തിൽ നിന്നും ജലസമൂഹത്തെ നീ നീക്കി; കര കാണപ്പെട്ടു. നിന്റെ തിരുവിഷപ്രകാരം ഭൂമിയിൽ ഔഷധച്ചെടികൾ മുളച്ചു; അവയ്ക്കു രസവും വാസനയും നീ കൊടുത്തു. ഇപ്പോൾ പരിമളം പ്രസരിക്കുന്ന ഔഷധങ്ങൾ നിന്റെ സന്നിധിയിൽ ധൂപിക്കപ്പെടുകയും അവയുടെ സുഗന്ധം ഞങ്ങൾക്കു ആനന്ദം വരുത്തുകയും ചെയ്യുന്നപ്രകാരം നിന്റെ സ്നേഹം ഞങ്ങളിൽ ധൂപിക്കപ്പെടുകയും നിൻ സത്യം ഞങ്ങളിൽ വെളിപ്പെടുകയും നിന്റെ കൃപ ഞങ്ങളിൽ ചൊരിയപ്പെടുകയും ചെയ്യേണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമെ! ഞങ്ങളെല്ലാവരിലും രണ്ടുലോകങ്ങളിലും നിന്റെ കരുണയുണ്ടാകുമാറാകേണമെ. ഹോശോ..

# രാത്രി 1-ാം കൗമാ

**പ്രുമിയോൻ**

**പട്ടക്കാരൻ:- നാമെല്ലാവരും**

**പ്രതിവാക്യം:-അനുഗ്രഹിക്കുന്നവനായ കർത്താവേ.........**

**പട്ടക്കാരൻ:-സതുതിയും സ്തോത്രവും**

**പരിശുദ്ധ നൽവരങ്ങളാൽ പുതുക്കി, പ്രബലപ്പെടുത്തുകയും ആത്മീയ അലങ്കാരങ്ങളാൽ ശ്രേഷ്ഠമായി അലങ്കരിക്കുകയും ദൈവീക പ്രതാപത്താൽ പൂർണ്ണമായി സമൃദ്ധിപ്പെടുത്തുകയും അതിലേക്കു പുറജാതികളെ ക്ഷണിക്കുകയും, ചിതറിപ്പോയ സ്വജാതിയെ കൂട്ടിച്ചേർക്കുകയും അവർ യോഗ്യമായ സ്തുതിപാടി, ന്യായമായ പുകഴ്ചകൾ സമർപ്പിച്ചു സജീവമായ തന്റെ സ്ലീബായെ വണങ്ങി, തന്റെ പരിശുദ്ധ നാമത്തെ സ്തുതിക്കത്തക്കവണ്ണം കൃപചെയ്യുകയും ചെയ്ത ലോകോദ്ധാരകനായ കർത്താവിനു സ്തുതി. തനിക്ക്....ബകുലഹുൻ യവുമ്മോ..**

**സെദറാ**

**ഞങ്ങളുടെ മിശിഹാതമ്പുരാനെ! നീ അശരീരിയും അപരിമിതനുമായിരിക്കുമ്പോൾ, തിരുവിഷ്ടപ്രകാരം മനുഷ്യനാകുകയും ത്യാഗവും കഷ്ടപ്പാടുകളും സഹിക്കുകയും ചെയ്തു. നിന്റെ തിരുവിലാവിലെ രക്തത്താൽ പിശാചുക്കളുടെ അടിമത്വത്തിൽ നിന്നും, വ്യർത്ഥമായ വിഗ്രഹാരാധനയിൽ നിന്നും ഞങ്ങളെ നീ വിലയ്ക്കു വാങ്ങി; നിന്റെ കൃപമൂലം ജീവന്റെ ശുശ്രൂഷയ്ക്കും ആത്മീയ ആട്ടിൻകുട്ടത്തിലേക്കും ഞങ്ങളെ വിളിച്ചുചേർത്തു കർത്താവെ! നിന്റെ ബഹുലമായ കരുണയാൽ ഞങ്ങളെ കാതോലികവും അപ്പോസ്തോലികവുമായ സഭയോടുള്ള കീഴ്വഴക്കത്തിൽ പാലിക്കേണമെ നാശകരമായ എല്ലാ വ്യർത്ഥോപദേശങ്ങളിൽ നിന്നു ശണ്ഠകളിൽനിന്നും തർക്കങ്ങളിൽ നിന്നും വിടുത്തേണമെ. പുണ്യവാന്മാരായ മേല്പട്ടക്കാർമൂലവും, സത്യവൈദീകഗണംമൂലവും ആത്മീയക്രമത്താലും സ്നേഹത്താലും സത്യവിശ്വാസത്താലും ദൈവീക ശ്ലീഹന്മാരുടെ ദിവ്യോപദേശത്താലും നിന്നോടുള്ള നല്ല ഭക്തിയാലും സത്യ കൂദാശകളുടെ അനുഷ്ഠാനത്താലും വിശുദ്ധജനംമൂലവും അചഞ്ചലമായ നിലയാലും ധീരപോരാട്ടത്താലും ഈ ഗുണങ്ങളിൽ സദാജീവിക്കുന്ന വിശുദ്ധന്മാർക്കുയുക്തമായ ജീവിതത്താലും മഹത്തരമായ സത്യോപദേശത്താലും ശാന്തിയാലും സമാധാനത്താലും സഭയെ ശ്രേഷ്ഠതപ്പെടു ത്തേണമെ. അവർക്കുണ്ടായിരുന്ന ക്ലേശപ്രീതിയിലും സഹിഷ്ണുതയിലും ഞങ്ങൾ പുർണ്ണമായി ജീവിച്ച് നിന്റെ മാതാവിന്റെയും പരിശുദ്ധന്മാരുടെയും ഓർമ്മയെ ഞങ്ങൾ ആഘോഷിക്കുന്നു. നാഥാ! നിന്റെ കൃപയും നിന്റെ വിശുദ്ധാത്മാവിന്റെ**

തോറ്റുപോകാത്ത ആയുധവും ഞങ്ങൾക്കു നൽകേണമെ. അധിപന്മാരെ നിന്റെ ഭക്തിയാൽ അലങ്കരിക്കേണമെ. പാപികൾക്കു മോചനം നൽകേണമെ. നിന്റെ ദയയാൽ ശിക്ഷകളെ ഇല്ലാതാക്കേണമെ. കരുണയാൽ അപകടങ്ങളെ ഉന്മൂലനം ചെയ്യേണമെ. ഭൂമിയെ നിന്റെ നന്മയാൽ പുഷ്ടിപ്പെടുത്തേണമെ. നിന്റെ ശ്രേഷ്ഠതയുടെ മുമ്പിൽ നിന്നു നിന്റെ പ്രീതിയിൽ ആശ്രയിച്ചു നില്ക്കുന്ന ദരിദ്രരും അരിഷ്ടരുമായ ഞങ്ങൾക്കു ഞങ്ങളുടെ യാചനകൾക്കു മറുപടി നൽകേണമെ. ഞങ്ങളുടെ ശരീരങ്ങളെ സ്വാതന്ത്ര്യപ്പെടുത്തി വെടിപ്പാക്കേണമെ. ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിച്ചു ശോഭിപ്പിക്കേണമെ. എല്ലാ കറകളിൽ നിന്നും പാപ വ്യാധികളിൽ നിന്നും ഞങ്ങളെ വെടിപ്പാക്കേണമെ. നിന്റെ തിരുഹിതപ്രകാരമുള്ള ഭാഗ്യകരമായ അന്ത്യത്തിനു ഞങ്ങളെ അർഹരാക്കേണമെ. നീ മൂലം സിദ്ധിപ്രാപിച്ചു ശ്രേഷ്ഠന്മാരായിത്തീർന്നിട്ടുള്ളവരുടെ അവകാശത്തിനു ഞങ്ങളെയും ഞങ്ങളുടെ മരിച്ചുപോയവരേയും അർഹരാക്കണമേ. അവരുടെയിടയിൽ അവരോടൊന്നിച്ചു നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലാ യ്പ്പോഴും ഞങ്ങൾ സമർപ്പിക്കുന്നു. ഹോശോ.......

## എത്രൊ

കർത്താവെ! ഞങ്ങളുടെ ധൂപം നിന്റെ ദൈവത്വത്തിനു പ്രസാദകരമായിരിക്കേണമെ. ഞങ്ങളുടെ ശുശ്രൂഷ നിനക്കു പ്രീതികരവും ഞങ്ങളുടെ അപേക്ഷ ഹിതകരവുമായിരിക്കേണമെ. നിന്റേറെ കരുണയാൽ ഞങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളെയും സകല ഉപദ്രവങ്ങളിൽ നിന്നും രക്ഷിക്കേണമെ. ആദിമുതലെ നിനക്കു പ്രീതന്മാരായ നീതിമാന്മാരുടെയും പരിശുദ്ധന്മാരുടെയും സ് മരണയോടുകൂടിയുള്ള ഈ സഭയുടെ പ്രതിഷ്ഠാദിവസം നിന്റെ സന്നിധിയിൽ സമർപ്പിച്ചിട്ടുള്ള ഈ പരിമളത്തിൽ നിനക്കു സന്തോഷം ഉണ്ടാകുമാറാകേണമെ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ കരുണയുള്ള ദൈവമെ നിനക്കു ഇപ്പോഴും എല്ലായ് പ്പോഴും സ്തുതിയും സ്തോത്രവും ഞങ്ങൾ സമർപ്പിക്കുന്നു.

# രണ്ടാം കൗമാ

## പ്രുമിയോൻ

പട്ടക്കാരൻ:- നാമെല്ലാവരും പ്രാർത്ഥിച്ചു......

പ്രതിവാക്യം:-അനുഗ്രഹിക്കുന്നവനായ കർത്താവേ......

പട്ടക്കാരൻ:-സ്തുതിയും സ്തോത്രവും

പ്രകൃത്യാ ഏകനായി സ്ഥിതിചെയ്യുന്ന സാക്ഷാൽ കർത്താവും ദൈവവും നിർമ്മാതാവും എല്ലാവരേയും സംരക്ഷിക്കുന്നവനും സ്വർഗ്ഗീയരും ഭൗമീകരുമായ എല്ലാവരാലും വന്ദിക്കപ്പെടുന്നവനും, യാതൊന്നുമില്ലാതിരുന്നപ്പോൾ തന്നാൽ സൃഷ്ടിക്കപ്പെട്ട എല്ലാവന്റെയും നാവുകളാൽ സത്യനും ജ്ഞാനമുള്ളവരെ ശക്തിക്കും ആത്മീയന്മാരുടെ അറിവിനും അതീതമായി സ്ഥിതിചെയ്യുന്നവനും ത്രിത്വമായി അറിയപ്പെടു കയും ഏകമായി ഗ്രഹിക്കപ്പെടുകയും ചെയ്യുന്നവനുമായ, ദൈവത്തിനു സ്തുതി. തനിക്കു ഈ നേരത്തും........ബ്കുല്

**സെദറാ**

അവർണ്ണനീയ ത്രിത്വനും, സുഗ്രാഹ്യനല്ലാത്ത അനാദ്യന്ത സ്വയംഭൂവും പരിശോധിക്കപ്പെടാവതല്ലാത്ത ഭയങ്കരനും മഹത്വവാനും നിർണ്ണയിക്കപ്പെട്ടുകൂടാത്ത അദൃശ്യനും അത്യുന്നതനുമായ കർത്താവേ! നിനക്കു സ്തുതി.
ആകാശത്തെവിരിച്ചും ഭൂമിയെ സൃഷ്ടിച്ചും സകലത്തേയും ക്രമീകരിച്ച നിന്റെ വലത്തുകൈയ്യാൽ കാതോലികവും ശ്ലൈഹികവുമായ നിന്റെ പരിശുദ്ധസഭയെ നീ സഹായിപ്പാൻ വേണ്ടി ഈ നേരത്തിൽ നിന്റെ കർത്തൃസന്നിധിയിൽ ഞങ്ങൾ ആരാധന സമർപ്പിക്കുന്നു. വിലയേറിയ നിന്റെ വിശുദ്ധ രക്തത്താൽ വിഗ്രഹാരാധനയിൽനിന്നും നീ സ്വാതന്ത്ര്യപ്പെടുത്തീട്ടുള്ള നിന്റെ സഭയെ നാശകരമായ വിശ്വാസവിപരീതത്തിൽ നിന്നും, ഭിന്നതകളിൽനിന്നും, വിശ്വാസികളായ നിന്റെ ജനത്തിനു വികല്പവും ഇടർച്ചയും വരുത്തുന്ന സകലത്തിൽനിന്നും രക്ഷിച്ചുകൊള്ളേണമെ. രഹസ്യവും പരസ്യവുമായ ശത്രുക്കൾ മൂലമുള്ള അലകളിൽ നിന്നും പിശറുകളിൽ നിന്നും വിടുവിക്കേണമെ. എല്ലാവിധ ദുരുപദേശങ്ങളിൽ നിന്നും അതിനെ വീണ്ടുകൊള്ളേണമെ. കർത്താവെ! ഈ സഭയെ നിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങുകയും, നിന്റെ മാമ്മോദീസായാൽ വെടിപ്പാക്കുകയും, നിന്റെ സ്ലീബായാൽ രക്ഷിക്കുകയും നിന്റെ കഷ്ടാനുഭവത്താൽ സ്വാതന്ത്ര്യപ്പെടുത്തുകയും നിന്റെ മരണത്താൽ സന്തോഷിപ്പിക്കുകയും നിന്റെ ഉയിർപ്പിനാൽ ആഹ്ലാദിപ്പിക്കുകയും നിന്റെ തൃക്കൈയ്യാൽ മുദ്രയിടുകയും ചെയ് തിരിക്കുന്നു. പാതാളവാതിലുകൾ അതിനോടു ബലം ചെയ്യുകയില്ലെന്നും നീ അരുളിച്ചെയ്തിരിക്കുന്നു. കർത്താവെ! ലോകാന്ത്യത്തോളം അതിനോടുള്ള നിന്റെ ഉറച്ച വാഗ്ദത്തങ്ങളേയും വ്യതിചലിച്ചുപോകാത്ത നിന്റെ ഉടമ്പടികളേയും ഓർക്കേണമെ. ദൈവവും പ്രമാണങ്ങളും ഇല്ലാത്ത ജാതികൾ ഇതിൽ പ്രവേശിച്ചു നിന്റെ വിശുദ്ധന്മാരെ പിടിച്ചു, നിങ്ങളുടെ ദൈവം എവിടെയെന്നു ചോദിപ്പാൻ ഇടയാകരുതെ. ഞങ്ങളുടെ പാപങ്ങൾ നിന്റെ ദയവിനെതിരായി നിന്നിട്ട് ഞങ്ങളുടെ രക്ഷയ്ക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്ന ദൈവീക കരുണ ഞങ്ങളിൽ നിന്നും നിരോധിക്കപ്പെടുമാറാകരുതെ. എന്നാലൊ അനാദ്യന്തമായ നിന്റെ ബഹുലമായ ദയയാൽ ഞങ്ങളോടു മനസ്സലിയേണമെ. നിന്റെ വിശുദ്ധാത്മാവിന്റെ ദാനവും ജ്ഞാനവും അറിവും ഞങ്ങൾക്കു നൽകേണമെ, കർത്താവെ! നിന്റെ പരിശുദ്ധ സഭയിൽ ശാന്തിയും സമാധാനവും സ്നേഹവും ഐകമത്യവും, നിന്നോടും

അന്യോന്യം എല്ലാവരോടുമുള്ള സ്നേഹവും വർദ്ധിപ്പിക്കേണമെ. അതിന്റെ ഭരണകർത്താക്കളായ എപ്പിസ്കോപ്പന്മാരേയും ഇടയന്മാരേയും, അവർ സത്യോപദേശം യുക്തമായി പ്രചരിപ്പിച്ച് രക്ഷാമാർഗ്ഗത്തിലേക്കു അതിനെ നയിപ്പാൻ തക്കവണ്ണം ജ്ഞാനമുള്ളവരാക്കേണമെ. കർത്താവെ! നിന്റെ കൃപയാൽ, രോഗികളേയും വിഷമിച്ചിരിക്കുന്നവരേയും അടിമത്വത്തിലും നികൃഷ് ടബന്ധനത്തിലും പരാധീനത്തിലും കാരാഗൃഹത്തിലും വൈഷമ്യത്തിലും സ്ഥിതി ചെയ്യുന്ന എല്ലാവരേയും സന്ദർശിക്കേണമെ. അടുത്തും അകലെയും നിസ്സാരന്മാരായ ഞങ്ങളുടെ പ്രാർത്ഥനയെ വിശ്വാസത്തോടെ ചോദിക്കുന്ന എല്ലാവർക്കും കരുണയും ദയയും സഹായവും ആശ്വാസവും നൽകേണമെ. നിന്റെ കൃപയാൽ സംവത്സരത്തെ ആകമാനം വാഴത്തേണമെ. ദരിദ്രന്മാർക്കു ധർമ്മം കൊടുക്കുന്നവരേയും പരദേശികളെ സ്വീകരിക്കുന്നവരേയും, നിന്നിലും നിന്റെ പിതാവിലും നിന്റെ വി:റൂഹായിലുമുള്ള വിശ്വാസത്തോടെ നന്മകൾ ചെയ്തിട്ടു ള്ളവരേയും ചെയ്തുകൊണ്ടിരിക്കുന്നവരേയും പള്ളികളിൽ ഫലമൂലാദികൾ സമർപ്പിക്കുന്നവരേയും വാഴ്ത്തണമെ. അവരുടെ പ്രയത്നങ്ങളേയും വേലകളേയും വാഴ്ത്തേണമെ. ഈ ലോകത്തിൽ അവരുടെ ആയുസിനെ കാത്തുകൊള്ളേണമെ. ഭാവിലോകത്തിൽ അവരേയും ഞങ്ങളെല്ലാവരുടെയും മരിച്ചുപോയവരേയും നിന്നിലുള്ള പ്രത്യാശയിൽ മുൻകൂട്ടി നിദ്രപ്രാപിച്ചിരിക്കുന്ന സത്യവിശ്വാസികളായ ഏവരേയും നിത്യജീവനു യോഗ്യരാക്കേണമെ. നിന്റെ വിശുദ്ധന്മാർ സന്തോഷിച്ചു ആനന്ദിപ്പാൻ അവർക്കായി നീ ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയഭവനങ്ങളിൽ അവരെ ആശ്വസിപ്പിക്കേണമെ. കർത്താവെ! ജഡത്തിൽ സ്ഥിതിചെയ്യുന്ന ഞങ്ങൾ തെറ്റി പാപത്തിൽ വീണുപോയിട്ടുള്ളതിനാൽ ഞങ്ങളെ കഴുകി നിർമ്മലീകരിച്ചു മാപ്പു തരേണമെ. നിന്റെ സന്നിധിയിൽ യാതൊരുവനും നിഷ്കളങ്കനല്ലാത്തതിനാൽ ഞങ്ങളെ ശിക്ഷയ്ക്കു വിധിപ്പാൻ നീ പ്രവേശിക്കരുതെ. അപകടസമ്പൂർണ്ണമായ ഈ താല്ക്കാലിക ജീവിതത്തിൽ സ്ഥിതി ചെയ്യുന്ന ഞങ്ങളെ ആത്മീയവും ശാരീരികവുമായ സകല ഉപദ്രവങ്ങളിൽ നിന്നും സകല പ്രതികൂലസാഹചര്യങ്ങളിൽ നിന്നും വീണ്ടുകൊള്ളേണമെ. ഭാഗ്യകരമായ അന്ത്യത്തിനും നല്ല നിര്യാണത്തിനും ഞങ്ങളെ കൊണ്ടു ചെന്നടുപ്പിക്കേണമെ. ഞങ്ങളുടെ ഹൃദയത്തിൽ നിന്നോടുള്ള ഭക്തി സ്ഥാപിക്കേണമെ. നിന്റെ കല് പനകളെ ഞങ്ങളുടെ മനസ്സിലും, സത്യ വിശ്വാസത്തെ ഞങ്ങളുടെ ആത്മാക്കളിലും സംരക്ഷി ക്കേണമെ. ഇവയെ ഞങ്ങൾ ആയുഷ്ക്കാലം മുഴുവനും അഭംഗം പാലിക്കുമാറാകേണമെ. എല്ലാവർക്കും യുക്തമായ പ്രതി ഫലം നീകൊടുക്കുന്ന പ്രതികാരത്തിന്റെ ദിവസത്തിൽ നിന്റെ ഭയങ്കര സിംഹാസനത്തിൻ മുമ്പിൽ അവ ഞങ്ങൾക്കു ധൈര്യം നല്കുന്നവ ആയിരിക്കേണമെ. രക്ഷിക്കപ്പെട്ടവർ ക്കുള്ള ഓഹരിക്കു നിന്റെ കൃപയും കരുണയും മൂലം ഞങ്ങൾ യോഗ്യരായിത്തീരേണമെ. അവരോടൊന്നിച്ചു ഞങ്ങൾ നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹോശോ.........

**എത്രൊ**

നല്ലവനും കാരുണ്യവാനുമായ ദൈവമേ! നിന്റെ ദയയാൽ നിന്റെ സന്നിധിയിൽ അടുപ്പാൻ ഞങ്ങൾക്കു യോഗ്യത നീ തന്നിരിക്കകൊണ്ടു ഞങ്ങൾ നിന്നെ വന്ദിക്കുന്നു. നാഥാ! നിന്റെ അടിയാരുടെ ധൂപത്തെ നിന്റെ ദയയാൽ സ്വീകരിക്കേണമെ. നിന്റെ പുരോഹിതന്മാരുടെ ധൂപത്തിൽ നീ സന്തോഷിക്കേണമെ. നിന്റെ ആരാധകരുടെ ശുശ്രൂഷയിൽ പ്രീതിയുണ്ടാകേണമെ. ഞങ്ങളുടെ ഹൃദയം നിന്റെ തൃപ്തിയ്ക്കൊത്ത ധൂപവും ഞങ്ങളുടെ പ്രാർത്ഥന നിനക്കു ആനന്ദകരമായ പരിമളവും ഞങ്ങളുടെ അപേക്ഷ തിരുസന്നിധിയിൽ അംഗീകൃതമായ കാഴ്ച്ചയും ആയിത്തീരേണമെ. കർത്താവേ! നിന്റെ ജനത്തിനു പാപപരിഹാരം ഉണ്ടാക്കി, നിന്റെ അവകാശത്തെ വാഴ്ത്തണമെ. നിന്റെ തൃക്കൈവേലയോടെല്ലാം കരുണയുണ്ടാകേണമെ. ഞങ്ങളെല്ലാവരുടേയും വായിൽ നിന്നും നാവിൽനിന്നും പിതാവും പുത്രനും വിശുദ്ധ റൂഹായുമെ നിന്റ്റെ കർത്തൃത്വത്തിനു എന്നും സ് തുതി കരേറ്റു മാറാകേണമെ. ഹോശോ...

## പ്രഭാതം

**സ്ലൂസോ.**

പട്ടക്കാരൻ:- പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി...........

പ്രതിവാക്യം:-ബലഹീനരും പാപികളുമായ ....

ദൈവമായ കർത്താവേ! നിന്റെ സ്ലീബായുടെ പ്രബലകാവലും, നിന്റെ വലത്തുകൈയ്യുടെ മഹത്തര സഹായവും, സംരക്ഷകകോട്ട നിന്റെ വി: സഭയ്ക്കു ചുറ്റും സ്ഥാപിക്കേണമെ. അതു സുരക്ഷിതമായിരുന്നു, നിന്റെ ദൈവത്വത്തിനു സ് തുതിയും നിന്റെ കർത്തൃത്വത്തിനു സ്തോത്രവും, നിന്റെ നിത്യതയ്ക്ക് ആരാധനയും എന്നും സമർപ്പിക്കുമാറാകേണമെ. ഹോശോ.........

**പ്രുമിയോൻ**

പട്ടക്കാരൻ:- നാമെല്ലാവരും പ്രാർത്ഥിച്ചു

പ്രതിവാക്യം:-അനുഗ്രഹിക്കുന്നവനായ കർത്താവേ...........

പട്ടക്കാരൻ:-സ്തുതിയും സ്തോത്രവും....

തന്റെ കൃപയാൽ ദാനങ്ങൾകൊണ്ടു തന്റെ സഭയെ പുതുക്കുകയും നൽവരങ്ങളാൽ അതിനെ പൂർത്തീകരിക്കുകയും സഹായങ്ങളാൽ അതിനെ അലങ്കരിക്കുകയും

ശുശ്രൂഷകളാൽ അതിനെ പ്രാഭവപ്പെടുത്തുകയും ചെയ്വനും, അതിനോടുള്ള സത്യസ്നേഹത്താൽ അതിന്റെ മണവറയിലേക്കു പുറജാതികളേയും അതിന്റെ കല്യാണത്തിന് അകന്നവരേയും, അതിന്റെ പ്രതിഷ്ഠാദിവസം സദാ ആനന്ദിച്ചു സ്തുതിച്ചു അതിന്റെ പുകഴ്ചപ്പെരുന്നാളിൽ സ്തോത്രം പാടുവാൻ ക്ഷണിച്ചു വരുത്തിയവനുമായ ലോകോദ്ധാരകനായ കർത്താവിനു സ്തുതി. തനിക്കു.........

**സെദറാ**

പിതാവിനോടും വിശുദ്ധ റൂഹായോടും ഒന്നിച്ചു സ്തുതിക്കപ്പെടുന്ന പിതാവാം ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമായ മിശിഹാ തമ്പുരാനെ ശക്തി, അധികാരം, വാഴ്ച്ച, ദൈവത്വം ഏക സാരാംശം ആദിയായി പിതാവിനും വിശുദ്ധറൂഹായ്ക്കും ഉള്ളതെല്ലാം വ്യത്യാസം കൂടാതെ നിനക്കും ഉണ്ട്. സ്വർഗ്ഗസിംഹാസനത്തിൽ, അശരീരികളും അഗ്നിമയന്മാരുമായ മാലാഖമാർ മേലുള്ള മൂന്നു സഭകളിൽ ഒരു പോലെ കാദീശ് എന്ന കീർത്തനത്താൽ നിന്നെ സ്തുതിക്കുന്നു. എന്നാൽ അവർണ്ണനീയമായ നിന്റെ സ്നേഹം നിമിത്തം വിലയേറിയ നിന്റെ രക്തത്താൽ പരിശുദ്ധ സഭയെ നീ വിലയ്ക്കു വാങ്ങി. സ്വർഗ്ഗീയ സൈന്യങ്ങളുടെ സാദൃശ്യത്തിൽ മേൽപ്പട്ടക്കാർ, പട്ടക്കാർ, ശെമ്മാശന്മാർ എന്നീ പൗരോഹിത്യ ഗണങ്ങളാൽ ശുശ്രൂഷിക്കപ്പെടുവാൻ തക്കവണ്ണം ലോകാതീതമായ ദിവ്യദാനങ്ങൾ കൊണ്ടു അതിനെ നീ നിറച്ചു. എന്നാൽ പാപികളെ നിർമ്മലീകരിക്കുന്നതും പുണ്യവാന്മാരെ പൂർണ്ണരാക്കുന്നതും പിശാചുക്കളെ പീഡിപ്പിക്കുന്നതും മരിച്ചുപോയവരെ ആനന്ദിപ്പിക്കുന്നതുമായ നിന്റെ പരിശുദ്ധ ശരീര രക്തങ്ങളുടെ അനുഷ്ഠാനംകൊണ്ട് സ്വർഗ്ഗീയരെക്കാളും സഭയിൽ ഇവരെ നീ ശ്രേഷ്ഠരാക്കി, അതിന്റെ അടിസ്ഥാനങ്ങളെ നീ ഉറപ്പിച്ചു. പ്രവാചകന്മാരുടെ പീഡകളാലും സഹദേന്മാരുടെ തകർച്ചകളാലും മൽപാന്മാരുടെ ഉപദേശങ്ങളാലും സന്യാസികളുടെ വിയർപ്പൊഴുകുന്ന ക്ലേശങ്ങളാലും സഭയുടെ കൂടാരങ്ങളെ നീ വിശാലപ്പെടുത്തി; അവരെ അതിനു ഉയർന്ന കോട്ടകൾ പോലെ ആക്കിയിരിക്കകൊണ്ട് അവരുടെ ഓർമ്മദിവസങ്ങളെ ഞങ്ങൾ ആഘോഷിക്കുന്നു. അവരുടെ കഷ്ടതകൾമൂലം അഭിമാനിക്കുന്നു. അവരേറ്റ അടികളിൽ ആഹ്ലാദിക്കുന്നു. അവരുടെ അസ്ഥികളെ ജീവനിക്ഷേപമായി ആദരിക്കുന്നു. അവരുടെ ഭക്തി വൈരാഗ്യത്തെ പഠിക്കുന്നതിനും അവരുടെ ജീവിതത്തെ മാതൃകയാക്കുന്നതിനും അവരുടെ പോരാട്ടങ്ങളെ സഭാ മക്കളുടെ മുമ്പിൽ കാണിക്കുന്നു. അവരോടു കൂടി നിന്നെ പ്രസവിച്ച കന്യകമറിയാമാകുന്ന ദൈവമാതാവിന്റെ ഓർമ്മയും മതിവരാതവണ്ണം സഭ അനുഷ്ഠിക്കുന്നു. വിവിധ പരീക്ഷകളിലും അപകടങ്ങളിലും ദണ്ഡിപ്പിക്കപ്പെടുന്ന അതിന്റെ പ്രജകൾക്കുവേണ്ടി അവരുടെ മദ്ധ്യസ്ഥതയിൽ അപേക്ഷയും സങ്കടവും നിനക്കു ഞങ്ങൾ സമർപ്പിക്കുന്നു. കർത്താവെ! കരുണയോടെ ഉത്തരമരുളേണമെ. അതിന്റെ ഈ പ്രതിഷ്ഠപ്പെരുന്നാളിൽ നിങ്കൽ സമർപ്പിക്കുന്ന യാചനയെ സ്വീകരിക്കേണമെ. എല്ലാ അനുഗ്രഹങ്ങളും എല്ലാ ദാനങ്ങളും എല്ലാ സന്തോഷങ്ങളും ആനന്ദങ്ങളും നിന്റെ പരിശുദ്ധ ഉയരങ്ങളിൽ നിന്നും അതിന് സമൃദ്ധമായി അയക്കേണമെ മേലാൽ അതിനു ശ്രേഷ്ഠ ഇടയന്മാരുടെ കൂട്ടങ്ങളും വിശുദ്ധ വൈദീക ഗണങ്ങളും, അവരുടെ മഹത്തരമായ സ്

തുതിഗാനങ്ങളും ഇല്ലാതാകരുതെ. അതിൻറെ ചിതറപ്പെട്ട അംഗങ്ങളെ നിന്റെ ശ്രേഷ്ഠ കരുണയാൽ കൂട്ടിച്ചേർക്കേണമെ. നിന്നോടും അന്യോന്യവും അവർ ഏക ബന്ധത്തിൽ സ്ഥിതി ചെയ്യേണമെ ഞങ്ങളോടു മല്ലിടുന്ന വൈരികളുടെ ശക്തിയെ കീഴ്പ്പെടുത്തേണമെ. അസഹനീയ വൈഷമ്യങ്ങളാൽ ഞങ്ങളെ നയിക്കുന്ന അധികാരികളുടെ ഉഗ്രതയെ ഭേദപ്പെടുത്തേണമെ. ഞങ്ങൾക്കു നേരിടുന്ന പ്രതികൂലശക്തിയെ കെടുത്തേണമെ. ഞങ്ങളോടു പോരാടുന്ന കഠിന യോദ്ധാക്കളെ പിന്മാറ്റേണമെ. ഞങ്ങൾക്കെതിരായി ജ്വലിക്കുന്ന വാളിനെ നീക്കം ചെയ്യേണമെ. നിന്റെ അറിവിനെതിരായി ഉയരുന്ന സകല ഉയർച്ചകളെയും താഴ്ത്തണമെ. മരണകരമായ അസ്ത്രപ്രയോഗത്താൽ ഞങ്ങളെ തപിപ്പിക്കുന്ന ഭുജത്തെ തകർക്കേണമെ. കർത്താവെ ഞങ്ങളുടെ ആയുഷ്കാലമെല്ലാം നിന്റെ വിശുദ്ധ സഭയോടുള്ള കീഴ്വഴക്കത്തിൽ ഞങ്ങളെ പാർപ്പിക്കേണമെ. അതിന്റെ പൗരോഹിത്യ തൊഴുത്തിൽ ഞങ്ങളെ ചേർത്തുകൊള്ളേണമെ. അതിന്റെ കോട്ടയ്ക്കുള്ളിൽ പരിമളതരമായ പുൽമാലിയിൽ ഞങ്ങളെ മേയിക്കേണമെ. അതിന്റെ സങ്കേതത്തിൽവച്ച് ആത്മീയപാനീയം ഞങ്ങളെ കുടിപ്പിക്കേണമെ. പാപത്തിന്റെ പതിയിരിപ്പിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമെ. സഭയുടെ സുഖാനുഭവങ്ങളാൽ ഞങ്ങളെ ആനന്ദിപ്പിക്കേണമെ. ഞങ്ങളുടെ പാതകം നിമിത്തം അതിന്റെ ഭാഗ്യകരമായ അവകാശത്തിൽ നിന്നും ഞങ്ങളെ അന്യരാക്കരുതെ. അതിന്റെ മക്കൾക്കുള്ള കൃപയ്ക്കും ക്രമത്തിനും വിളിക്കപ്പെട്ടിരിക്കുന്ന ഞങ്ങളെ നിന്റെ സന്നിധിയിൽനിന്നും ബഹിഷ്ക്കരിക്കരുതെ. നിന്റെ പരിശുദ്ധ നാമത്തോടു ചേർന്നിരിക്കുന്ന ഞങ്ങളെ നിന്റെ നാമം അറിയാത്ത ജാതികളുടെ മുമ്പിൽ ലജ്ജയ്ക്കിടയാക്കരുതെ. സ്നേഹം മൂലം പിതാവിന്റെ അദൃശ്യമാർവിൽ നിന്നും മനുഷ്യാവസ്ഥയിലേക്കു എഴുന്നെള്ളിയ കർത്താവേ! നിന്റെ ആരാധനയില്ലാത്ത ഇരുണ്ട പാതാളത്തിൽ ഞങ്ങളെ തള്ളരുതെ. ഞങ്ങളുടെ സ്തോത്രഗാനങ്ങളെ വിലാപ ഗീതങ്ങളാക്കരുതെ. നിന്റെ സ്വർഗ്ഗീയവീഥിയിൽനിന്നു ദൈവീക ദാനങ്ങൾ ഞങ്ങൾക്കു സമൃദ്ധിയായി അയക്കേണമെ. പക്ഷേ ഞങ്ങൾ കുറ്റക്കാരാകകൊണ്ടു ശത്രുക്കളുടെ പീഡയാൽ നീ ഞങ്ങളെ ശിക്ഷിക്കയും നിന്റെ സന്നിധിയിൽനിന്നു തള്ളുകയും ചെയ്തേക്കാം. വഷളായ മക്കളുടെ നിലയിൽ നീതിയായി ഞങ്ങൾ പെട്ടുപോകയും ചെയ്തേക്കാം. എങ്കിലും നീ നല്ലവനും ദയാലുവും തന്റെ സൃഷ്ടി നശിപ്പാൻ മനസ്സില്ലാത്തവനും ആകുന്നു. പാപിയുടെ മരണത്തിലും നിനക്കിഷ്ടമില്ലല്ലൊ. ആകയാൽ നിന്റെ കുരിശുമരണത്താൽ രക്ഷിക്കപ്പെട്ടവരുടെ നാശം എങ്ങിനെ നീ സഹിക്കും? നിന്ദാഭാഷികൾ നിന്റെ രക്ഷാകരമായ സ്ലീബായെ ആക്ഷേപിക്കുകയും, നിന്റെ വിശുദ്ധസഭയെ പരിഹസിക്കുകയും, അതിന്റെ യോഗ്യതകളെ ആക്ഷേപിക്കുകയും, അതിന്റെ ശ്രേഷ്ഠാധികാരത്തെ ഭത്സിക്കുകയും, അതിന്റെ പരിശുദ്ധ അടിസ്ഥാനങ്ങളെ അശുദ്ധമാക്കുകയും അതിന്റെ രക്ഷാകരമായ പോരാട്ടത്തെപ്പറ്റി ചിരിക്കുകയും ഹാ! സ്ലീബാ ആരാധകർ ഞങ്ങളുടെ അധീനതയിൽ പെട്ടിരിക്കുന്നു. ഹാ! സഭാമക്കൾ അവരുടെ അവകാശത്തിൽ നിന്നും തള്ളപ്പെട്ടിരിക്കുന്നു എന്നു അവർ കൈകൊട്ടി ആക്ഷേപിക്കുകയും ചെയ്യുമ്പോൾ നാഥാ! നീ എങ്ങിനെ സഹിക്കും? ഞങ്ങൾ നിന്റെ സുവിശേഷത്തിന്റെ വിളിക്കു യോഗ്യമല്ലാതെ ജീവിച്ചതുകൊണ്ട്, ശിക്ഷയ്ക്കു അർഹന്മാർ തന്നെ എന്നു സമ്മതിക്കുന്നു. എന്നാൽ ശത്രുക്കളുടെ കൈകളാൽ ഞങ്ങളെ ദണ്ഡിപ്പിക്കരുതെ എന്നു ഞങ്ങൾ അപേക്ഷിക്കുന്നു. അവർക്കുള്ള ശിക്ഷയാൽ ഞങ്ങളും ശാസിക്കപ്പെടുവാൻ എളുപ്പമുണ്ടല്ലൊ. നിന്നെ

അറിയാത്ത ജാതികളുടെ മേലുള്ള ശിക്ഷ കണ്ടു മനസ്സിലാക്കാൻ ഞങ്ങൾക്കു സൗകര്യമുണ്ടല്ലൊ. നാഥാ! ഞങ്ങൾ പഠിപ്പാൻ, നിന്റെ സ്ലീബായെ ത്യജിക്കുന്നവരെ ശിക്ഷിക്കേണമെ. നിന്റെ ആരാധനയ്ക്കെതിരായിട്ടുള്ളവരുടെ കൊമ്പിനെ തകർക്കേണമെ. നിന്നെയല്ലാതെ മറ്റാരെയും ഞങ്ങൾ അവലംബമാക്കുന്നില്ല. നാഥാ! അവരുടെ നിഷ്ഠൂരവാഴ്ചയെ ഹനിക്കേണമെ. നീയല്ലാതെ മറ്റൊരു ദൈവവും ഞങ്ങൾക്കില്ല. നീ ഞങ്ങളോടു കോപിച്ചാലും, നീ നശിപ്പിക്കുന്നില്ല. ഞങ്ങൾ തെറ്റുചെയ്താലും നീ ക്ഷമിക്കുന്നു. ഞങ്ങൾ ചെയ്യുന്ന അധർമ്മത്തിനെല്ലാം നീ ഞങ്ങളോടു പകരം ചോദിക്കുന്നില്ല. ഞങ്ങൾ ദുഷ്ടത ചെയ്തിട്ടും നീ പക വീട്ടുന്നില്ല. ഞങ്ങൾ എതിർത്തിട്ടും നീ നീരസപ്പെടുന്നില്ല. ഇവകൾ കൊണ്ടു ഞങ്ങളോടുള്ള നിന്റെ അതിരറ്റ കരുണക്കടൽ പ്രത്യക്ഷമായി അറിയപ്പെടുന്നു. നീതിമാന്മാരോടുള്ളതിനേക്കാൾ അനുതപിക്കുന്ന പാപികളിൽ നിനക്കു സന്തോഷമുണ്ട്. പുണ്യവാന്മാരേക്കാൾ പശ്ചാത്താപമുള്ള കുറ്റക്കാരെ നീ വാത്സല്യപൂർവ്വം സ്വീകരിക്കുന്നു. കർത്താവെ! ബലഹീനരുടെ പ്രാർത്ഥന നിന്റെ സന്നിധിയിൽ പ്രവേശിക്കേണമെ, നിന്റെ ശ്രീഭണ്ഡാരത്തിൽനിന്നു പാപികൾക്കു സകല ദോഷങ്ങളിൽ നിന്നുള്ള വിടുതലും സ്വാതന്ത്ര്യവും കിട്ടേണമെ. കർത്താവെ! മലിനന്മാരെ നിർമ്മലരാക്കേണമെ. കുറ്റവാളികളെ സ്വീകരിക്കേണമെ, വീഴ്ചക്കാർക്കു മാപ്പു കൊടുക്കേണമെ. കാണാതെ പോയവരെ കണ്ടു പിടിക്കേണമെ. ഞെരുങ്ങിയിരിക്കുന്നവരെ ആശ്വസിപ്പിക്കേണമെ. രോഗികളെ പരിപാലിക്കേണമെ. അകന്നുപോയവരെ അടുപ്പിക്കേണമെ. പട്ടിണിക്കാരെ പുലർത്തേണമെ. മുട്ടുള്ളവരെ സന്തുഷ്ടരാക്കേണമെ. ധനവാന്മാർക്കു ദയ കൊടുക്കേണമെ. ഭരണകർത്താക്കളെ നയിക്കേണമെ. ദരിദ്രന്മാരെ പോറ്റേണമെ. ശിക്ഷകളെ നീക്കം ചെയ്യേണമെ. ഞങ്ങളെല്ലാവരേയും പാലിച്ചു സകല അപകടങ്ങളിൽനിന്നും രക്ഷിക്കേണമെ. വിശ്വാസികളായ മരിച്ചുപോയവരെ വിശ്രമിപ്പിച്ചു പുണ്യപ്പെടുത്തേണമെ. ഞങ്ങളോടുള്ള നിന്റെ സഹായങ്ങൾക്കു സ്തുതിയും ആരാധനയും നിനക്കും നിന്റെ പിതാവിനും വി:റൂഹായ്ക്കും ഞങ്ങൾ സമർപ്പിക്കുന്നു. ഹോശോ......

എത്രൊ

കർത്താവേ! നിന്റെ വിശുദ്ധ സഭ അതിന്റെ മക്കളുടെ ഗാനങ്ങൾ വഴിയായി നിന്നെ സ്തുതിക്കുന്നു. കമനീയ വൃക്ഷങ്ങൾ അവയുടെ വർണ്ണശോഭയാൽ നിന്നെ പുകഴ്ത്തുന്നു. ഉത്തമ ഔഷധങ്ങൾ അവയുടെ വാസനകളാൽ നിന്നെ ആദരിക്കുന്നു. നിർമ്മലരായ പുരോഹിതന്മാർ അവരുടെ വെടിപ്പുള്ള ധൂപത്താൽ നിന്നെ സ്തോത്രം ചെയ്യുന്നു. പാപികൾ നിന്നോടു പാപപരിഹാരം യാചിക്കുന്നു. കർത്താവേ നിന്റെ സന്നിധിയിൽ ഞങ്ങൾ അണച്ചിട്ടുള്ള ഈ പരിമളധൂപത്തെ നിന്റെ കൃപയാൽ സ്വീകരിക്കേണമെ. ഇതുമൂലം നിന്റെ സഭയ്ക്കു ശാന്തിയും സമാധാനവും അതിന്റെ പ്രജകൾക്കു ഐകമത്യവും അതിൽനിന്നും നിദ്രപ്രാപിച്ചു നിന്റെ രണ്ടാമത്തെ വെളിപ്പാടിന്നായി കാത്തിരിക്കുന്ന മരിച്ചുപോയവർക്കു നല്ല സ്മരണയും കൊടുക്കേണമെ. ഞങ്ങളുടെ കർത്താവും ദൈവവുമെ, ഞങ്ങളെയും അവരേയും നിന്റെ വലത്തുഭാഗത്തുള്ള നിലയ്ക്കും നിന്റെ സന്നിധിയിലെ മുഖപ്രസന്നതയ്ക്കും യോഗ്യരാക്കേണമെ. ഹോശോ......

# മൂന്നാംമണി

## പ്രുമിയോൻ

**പട്ടക്കാരൻ:-നാമെല്ലാവരും പ്രാർത്ഥിച്ചു.**

**പ്രതിവാക്യം:- അനുഗ്രഹിക്കുന്നവനായ കർത്താവേ.........**

**പട്ടക്കാരൻ:-സ്തുതിയും സ്തോത്രവും...**

**പരിശോധിക്കപ്പെടാവതല്ലാത്ത ഏകദൈവമായി സ്ഥിതി ചെയ്യുന്ന അദൃശ്യനായ പിതാവെ നിനക്കും അവർണ്ണനീയനായ പുത്രാ നിനക്കും വ്യാഖ്യാനിക്കപ്പെടാവതല്ലാത്ത റൂഹാ നിനക്കും നിർമ്മലവായോടും പരിശുദ്ധ നാവോടും, വ്യതിചലിക്കാത്ത ചിന്തയോടും, അടങ്ങാത്ത ശബ്ദത്തോടും, നിർമ്മലമായ സ്തുതിയും ആദരണീയമായ ആരാധനയും പരിശുദ്ധമായ സ്തോത്രവും മഹത്തരമായ പുകഴ്ചകളും, പാപികളും ദരിദ്രരുമാകുന്ന നിന്റെ ദാസന്മാരായ ഞങ്ങൾ സമർപ്പിപ്പാൻ യോഗ്യരായിത്തീരേണമെ. നല്ലവനായ നിനക്കു ഈ നേരത്തും. ബ്കുല്ഹുൻ**

## സെദറാ

**മിശിഹാരാജാവായ കർത്താവിനു സ്തുതി. എന്തെന്നാൽ പരിശുദ്ധസഭയെ തനിക്കായി വിവാഹം നിശ്ചയിച്ചു; പരിശുദ്ധാത്മ ദാനത്താൽ അതിനെ ധന്യയാക്കി: കാലങ്ങൾക്കും യുഗങ്ങൾക്കും അദൃശ്യമായിരുന്ന മർമ്മം താൻ അതിനു വെളിപ്പെടുത്തി. പാപപരിഹാരം നൽകുന്ന തന്റെ ശരീരവും രക്തവും അതിന്റെ സ്ത്രീധനമായി കൊടുത്തു. അതിനായി ഉണ്ടാക്കിയ മണവറയിലേക്കു വിജാതീയരേയും സ്വജാതീയരേയും ക്ഷണിച്ചു ലോകാന്ത്യത്തോളം പാതാളവാതിലുകൾ അതിനോടു പ്രബലപ്പെടുകയില്ല എന്ന വാഗ്ദത്ത നിയമം വിശ്വാസികൾക്കായി ഉറപ്പിച്ചു. വിശ്വാസമാകുന്ന പാറമേൽ അതിനെ സ്ഥാപിച്ചു. ജഡത്താലല്ലാതെ പിതാവ് തന്റെ പുത്രൻ മൂലം വെളിപ്പെടുത്തിയ മതബോധത്താൽ അതിനെ പ്രബലീകരിച്ചു ജീവനുള്ള ദൈവത്തിന്റെ ഏകജാതനായ മിശിഹാ നമുക്കുവേണ്ടി ജഡധാരണം ചെയ്തു മനുഷ്യനാകുകയും തന്റെ മനുഷ്യാവതാരം മൂലം ഭൂമിയിൽ കെട്ടുന്നത് സ്വർഗ്ഗത്തിലും കെട്ടപ്പെട്ടതായിരിപ്പാനും ഭൂമിയിൽ അഴിക്കുന്നത് സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടതായിരിപ്പാനും വേണ്ടി ഉയരത്തിന്റെയും ആഴത്തിന്റെയും താക്കോൽ അതിനു നൽകുകയും ചെയ്തു. അതു സ്ലീബായാകുന്ന ആയുധം വഹിച്ചിരിക്കുന്നതിനാലും, മാമ്മോദീസായുടെ നിർമ്മലജലത്തിൽ**

കുളിച്ചിരിക്കുന്നതിനാലും തന്റെ സാദൃശ്യരൂപം അതിൽ ആകൃതിപ്പെട്ടിരിക്കുന്നു. പരിശുദ്ധ മാലാഖമാരാൽ അത് പ്രബലമായി സംരക്ഷിക്കപ്പെട്ടിരിക്കുന്നു. അതിന്റെ അലംകൃതമഹത്വം അകമെയാകുന്നു. വിശുദ്ധ കുർബ്ബാനയാകുന്ന തങ്കക്കാഴ്ചയോടുകൂടി സ്വർഗ്ഗസ്ഥ രാജാവിന്റെ സന്നിധിയിൽ അതു പ്രവേശിക്കുന്നു. അതിന്റെ സഖിമാരായ കന്യകമാർ –പുണ്യവാന്മാരുടെ ആത്മാക്കൾ– അതിനെ അവലംബമാക്കി സിദ്ധിപ്രാപിച്ച ഭൂമിയിൽ അതു ശുദ്ധീകരിക്കപ്പെടുന്നു. പൗരോഹിത്യത്തിന്റെ അച്ചാരം അതു വഹിച്ചിരിക്കുന്നു. തന്റെ മണവാളന്റെ ഓർമ്മ അവന്റെ രണ്ടാംവരവുവരെ അതു അനുഷ്ഠിച്ചുകൊണ്ടിരിക്കും. അവന്റെ സ്നേഹത്താൽ അതു ആകർഷിക്കപ്പെട്ടിരിക്കകൊണ്ട് അവനിലല്ലാതെ മറ്റൊരുവനിലും അത് ചേരുന്നതല്ല. അത് സ്വീകരിച്ചിരിക്കുന്നത് നിന്നു പോകുന്ന ഒരു ശുശ്രൂഷയേയൊ, ആശ്രയിച്ചിരിക്കുന്നതു ഒരുനശ്വര ബന്ധത്തേയൊ അല്ല. എന്നാലോ നിത്യമായി നിലനില്ക്കുന്ന പരിശുദ്ധാത്മാവിന്റെ സംബന്ധത്തിനായി അതു വിളിക്കപ്പെട്ടിരിക്കുന്നു. തലയിൽ കിരീടവും ധരിച്ചിരിക്കുന്നു. അതു നിന്റെ പക്കൽ വാത്സല്യ മാൻപേടയും പ്രിയ കേഴയുമായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അതു ദൈവത്തെ സ്നേഹിച്ചു മോഹിച്ചു സ്വന്ത മാതാപിതാക്കന്മാരെ വെടിഞ്ഞു ദിവ്യസ്നേഹത്താൽ തന്നെ ആശ്രയിച്ച് അതുകൊണ്ട് കർത്താവെ! അതു തന്റെ ഈ പ്രതിഷ്ഠാപ്പെരുന്നാളിൽ നിന്നോടു അപേക്ഷിക്കുന്നു. പരിപാകതയുള്ള ഈ ചെങ്ങാലി നിന്നെ സ്നേഹിച്ചു നിന്റെ കല്പനകളോടു ചേർന്നു മാധുര്യഗാനങ്ങൾ പാടുന്നു. നാഥാ! നാശകരമായ വിശ്വാസവിപരീതങ്ങളുടെ കുഴിയിൽ നിന്നു സകല കുണ്ടിൽ നിന്നും വിശ്വാസേതരമായ വിനോദരാഗങ്ങളിൽ നിന്നും വഷളത്തരങ്ങളിൽ നിന്നും അതിനെ വിടുർത്തിയെടുക്കേണമെ. ആകുൽക്കറുസായുടെ അഹങ്കാരത്തെയും അവന്റെ സൈന്യങ്ങളുടെ ഭ്രാന്തിനെയും അത് ചവുട്ടിമെതിക്കുമാറാകേണമെ. സദാ ആഹ്ലാദത്തോടെ നിന്റെ മുൻപാകെ നിന്ന് തപ്പുകളോടും, താളങ്ങളോടും കൂടെ നിനക്ക് കീർത്തനം പാടുകയും പരമാർത്ഥതയോടെ നിന്റെ ഹിതത്തിന് അതിന്റെ ഹിതം കീഴ്പെടുത്തുകയും ചെയ്യേണമെ. പരിശുദ്ധവും രക്ഷാകരവും ആയതിന്റെ സ്ലീബായുടെ ശാഖയിന്മേൽ അതിന്റെ കുടു വയ്ക്കുകയും മാമ്മോദീസായാകുന്ന മാതാവിൽ നിന്ന് ജനിക്കുന്ന അതിന്റെ കുഞ്ഞുങ്ങളെ സ്വർഗ്ഗീയലാളനകളാൽ സന്തോഷിപ്പിക്കുകയും ചെയ്യേണമെ. അവർ സ്വർഗ്ഗാതീതമായ നിന്റെ ആന്തരീക ബലിപീഠത്തിന്റെ തീരത്തു വളരുകയും, സ്വർഗ്ഗീയ ആഹാരം കൊണ്ട് പുഷ്ടിപ്രാപിക്കുകയും, എത്തിപ്പോകാത്ത പാനീയം കുടിക്കുകയും ചെയ്യുമാറാകേണമെ. ഇവയാൽ നീ പരാക്രമത്തോടെ രക്ഷിച്ച് പാപാന്ധകാരത്തിൽ നിന്ന് നിന്റെ രക്തത്താൽ വീണ്ടെടുത്തിട്ടുള്ളവരും സത്യവിശ്വാസത്തോടെ യാത്ര പുറപ്പെട്ടു പോന്നിട്ടുള്ളവരും ആയ വിശ്വാസികളായ എല്ലാ മരിച്ചുപോയവർക്കും നല്ല അനുഭവം ഉണ്ടാകേണമെ. അവരെ നിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ ഗുണാനുഭവങ്ങളാൽ ആശ്വസിപ്പിച്ച് സന്തോഷിപ്പിക്കേണമെ. ഈ സഭയിൽവച്ചും നിന്റെ ആത്മീയ ആലയത്തിൽ വച്ചും നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ എന്നും സമർപ്പിക്കും.

**എത്രൊ**

**തന്റെ ദാനമാകുന്ന പരിമളവാസനയാൽ ഭൂതലത്തെ പരമാനന്ദപ്പെടുത്തുകയും മനുഷ്യരുടെ കറകളെ നീക്കുകയും ചെയ്ത ആനന്ദകരവും പരിമളതരവുമായ ധൂപമായ കർത്താവെ! നിന്റെ പരിശുദ്ധ സഭയുടെ പ്രതിഷ്ഠാപ്പെരുനാളിൽ തിരുസന്നിധിയിൽ സമർപ്പിക്കപ്പെട്ട ഈ ധൂപത്തെ കൈക്കൊള്ളേണമെ. ഇതു ഞങ്ങളുടെ കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും ആയി ഭവിക്കേണമെ. ഇതുമൂലം ഞങ്ങളെ കഴുകി വെടിപ്പാക്കി വിശുദ്ധീകരിക്കേണമെ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനേയും വിശുദ്ധ റൂഹായേയും യഥാർത്ഥത്തിൽ വിശ്വസിച്ചു, അറിവോടെ സ്തുതിച്ചു ഹൃദയംഗമായി പുകഴ്ത്തി ഏകാഗ്രതയോടെ കീർത്തിച്ച് ആത്മാവിൽ വന്ദിക്കുന്നു ഹോശോ........**

**ഹൂത്തോമ്മോ**

**പാപപതകർച്ചയിൽ നിന്നു തന്റെ ആട്ടിൻ കൂട്ടത്തെ ശേഖരിപ്പാൻ അതിനുവേണ്ടി പ്രാണത്യാഗം ചെയ്ത ഇടയനായ കർത്താവെ! നിന്റെ കൃപയെ സ്തോത്രം ചെയ്യുവാൻ, മായാമോഹങ്ങളിൽനിന്നും ഞങ്ങളുടെ വിചാരങ്ങള നിരോധിക്കേണമെ. നിന്റ്റെ കരുണയാൽ ഞങ്ങളുടെ കടങ്ങളെ പരിഹരിക്കേണമെ. നിന്റെ ദയയാൽ ഞങ്ങളുടെ രോഗങ്ങളെ ഇല്ലായ്മ ചെയ്യേണമെ. നിന്റെ സ്നേഹത്താൽ ഞങ്ങളുടെ ദാരിദ്ര്യം തീർത്തു സമൃദ്ധിവരുത്തേണമെ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനേയും നിന്റെ വിശുദ്ധ റൂഹായേയും ഇപ്പോഴും എല്ലായ്പ്പോഴും സ്തോത്രം ചെയ്യുന്നു. ഹോശോ....**